# യുയോമയ സഭ

(www.yuyomayasabha.com)

## യുയോമയാബ്ദം 137-ാംമാണ്ട്

# നവവത്സര സന്ദേശം

"എന്റെ ശിരോലങ്കാരവും എന്റെ സമസ്തവുമായയുള്ളോരേ നിങ്ങൾ പുറത്ത് ഒരിക്കലും പോകയില്ല. എന്തെന്നാൽ നിങ്ങൾ അകം പൂകുകയും പുറപ്പെടുകയും മേച്ചിൽ കണ്ടെത്തുകയും ചെയ്യും. എങ്കിലോ നിങ്ങൾ ഇപ്പോൾ പ്രാപിച്ചിരിക്കുന്ന അഭിഷേകം നിങ്ങളുടെ ശരീരത്തിനു വളരെ വ്യഥയെ ഉണ്ടാക്കിയിരിക്കുന്നു. ആയത് പഴയ ജീവനെ ഇല്ലായ്മയാക്കുവാൻ നിങ്ങൾ കുടിച്ച മരണത്തെ പുറത്താക്കുന്നതിനുള്ള ആത്മപ്രവർത്തിയത്രെ. പുതിയ വീഞ്ഞ് പഴയ തുരുത്തിയെ പൊളിക്കും എന്നുണ്ടല്ലോ. അതിനാൽ നിങ്ങൾ ഭയപ്പെടരുത്. മഹാസന്തോഷത്തിൽ പറഞ്ഞിരിക്കുന്നതിൻവണ്ണം നിങ്ങളുടെ ശരീരങ്ങളെ പുതിയ തുരുത്തികളാക്കിക്കൊൾവിൻ"

'യുയോരാലിസൻ വിദ്വാൻകുട്ടി'

# യുയോമമയം

*യുയോമയ സഭയുടെ നാലു ഡിവിഷനിലുമുൾപ്പെട്ട സകല യോഗ കാർക്കും എന്റെ വിശുദ്ധചുംബനം*

പ്രിയമുള്ളവരെ,

യുയോമയാബ്ദം 137-ാംമാണ്ട് ആരംഭം ആവിർമോദം 1ാം തീയതിയായ 2017 ഒക്ടോബർ 2-ാം തീയതി 23-ാം വാരവൃത്തം 722-ാം ദിനം ശബ്ദവാരമാകയാൽ അന്നേദിവസം സകലരും തങ്ങളുടെ പ്രാപ്തി പ്രകാരമുള്ള വിരുന്നോടുകൂടി മഹാദൈവാരാധന നടത്തുകയും തങ്ങളുടെ ജീവദശാംശങ്ങളെ സ്തോത്രവഴിപാടായി ജീവമേശയിൽ സമർപ്പിക്കുകയും ആതൃക്കയ്യിൽനിന്നു വരുന്ന ഭക്ഷണപാനീയങ്ങളാൽ ആരോഗ്യപ്പെട്ട് മഹാസന്തോഷത്തിന്റെ കൂട്ടംശികളായിതീർന്നുകൊണ്ട് ഈ പുതിയ വത്സരത്തിലേയ്ക്കു പ്രവേശിച്ചു കൊൾകയും ചെയ്വിൻ.

ഈ അവസരത്തിൽ ഇതരമായ മതങ്ങളും യുയോമയമതവും (സഭയും) തമ്മിലുള്ള അന്തരത്തെപ്പറ്റി എല്ലാവരുടേയും ചിന്തയ്ക്കായി അല്പം ചില കാര്യങ്ങൾകൂടി പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുകയാണ്. ഇതരമായ സകല മതങ്ങളും ഏതോ വിശേഷഭാഗ്യലബ്ധിക്കായി കാത്തിരിക്കുമ്പോൾ ആയത് സ്വായത്തമാക്കി അനുഭവിക്കുന്നവരാണ്യുയോമയന്മാർ. ഇക്കാര്യം ബാഹ്യദൃഷ്ടിക്കു വിഷയീഭവിക്കുന്നതല്ല. അതിന് യഹൂദസഭയുടെ ന്യായപ്രമാണകാലത്തെ ദൈവവാഗ്ദത്തങ്ങളും അവരുടെ അനുഭവങ്ങളും പരിശോധനാവിധേയമാക്കിയാൽ അറിയാവുന്നതാണ്. അവരെ വഴിനടത്തിയ ദൈവത്തെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്കു സന്തോഷവും ദൈവത്തേയും ദൈവത്തിന്റെ ശുശ്രൂഷക്കാരേയും നിഷേധിച്ചവർക്കു കഠിനമായ ശിക്ഷയും നൽകുന്നതായി നമുക്കുകാണാം. ഇക്കാര്യങ്ങൾ നിയമപുരുഷനും എഴുത്തുപുസ്തകം പൂർവ്വോത്തരഭാഗം 166, 169 പേജുകളിൽ ആരംഭിച്ചിരിക്കുന്ന എഴുത്തുകളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാം നിയമമായ സുവിശേഷത്തിലും ക്രിസ്തുവിന്റെ ഉപദേശം സ്നേഹത്തിൽ അധിഷ്ഠിതമായ കുടുംബജീവിതത്തിലും കൂട്ടായ്മയിലും കൂടെ സ്വർഗ്ഗരാജ്യ സൃഷ്ടി നടത്തണമെന്നുള്ളതാണല്ലോ. പരസ്പ്പരം പഴിക്കുന്നവരായിത്തീരാതെ തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ആയുസ്സിൽ ലോകത്തെ സ്വാധീനിക്കുന്നവരായിത്തീരണം. വ്യക്തി, കുടുംബം, സമൂഹം എന്ന തലങ്ങളിലെ നമ്മുടെ ജീവിതം ഉന്നത മൂല്യങ്ങൾ വെളിപ്പെടുത്തുന്നവയായിരിക്കണം.

യുയോമയം ഒരു സംസ്ക്കാരമാണ്. നിത്യനിയമം മാനവ സാംസ്കാരിക പുരോഗതിയ്ക്കുള്ള ചാലകശക്തിയാണെന്നുള്ള സത്യം ലോകത്തെ ബോദ്ധ്യപ്പെടുത്തുവാൻ നമുക്കുകഴിയണം. മതബോധനത്തിന്റെ കാതലായ

ശക്തികേന്ദ്രമാണ് സംസ്കാരം. മതബോധനംമൂലം മനുഷ്യമനസ്സിനെ സംസ്ക്കരിക്കണമെന്നു സാരം. അനേകനാളത്തെ ജീവിതാനുഭവങ്ങ ളിൽനിന്നു തെളിഞ്ഞുവരുന്ന നന്മയും ധാർമ്മികതയും ചേർന്നു രൂപം കൊള്ളുന്നതാണ് ഒരു സംസ്കാരം. സമസ്തമാനുഷികമൂല്യങ്ങളും സമ ന്വയിച്ചിരിക്കുന്നത് ഏതോ അതാണ് ധർമ്മം. ഈ സംസ്കാരം തലമുറക ളിലേയ്ക്ക് കൈമാറുന്നത് ശ്രേഷ്ഠമായ പ്രവർത്തനങ്ങളിലൂടെയാണ്. നിയ മപുരുഷൻ പറയുന്നത് ഇപ്രകാരമാണ്. ഞാൻ ഒരുത്തനേയും തള്ളിക്കള യാതെ സകലരിലും എന്റെ ഗുരുസ്ഥാനത്തെവച്ച് അവരുടെ പാദത്തിൻ കീഴിരുന്ന് പഠിച്ചവനത്രെ എന്നാകുന്നു. ഇതു നാം മനസ്സിലാക്കണം. സഭ യിന്നംഗങ്ങൾ ഏതു പ്രകാരമായിരിക്കണം. തിരുസഭയുടെ കാര്യം എന്റെ കാര്യവും എന്റെ കാര്യം തിരുസഭയുടെ കാര്യവും അത് മഹാദൈവത്തിന്റെ കാര്യവുമാകുന്നു എന്നത്രെ. ശരിയായ നേതൃഗുണവും ശരിയായ ദിശാ ബോധത്തോടും മൂല്യബോധത്തോടും ചിന്താശക്തിയോടും കൂടിയ വ്യക്തി കൾ നേതൃനിരയിൽ ഉണ്ടായിരിക്കണം. പ്രസ്ഥാനത്തിന്റെ പുരോഗതിയ്ക്ക് ആയത് അനിവാര്യമാണ്. ജ്ഞാനത്തിന്റെ ഭാവമാണ് സകലത്തേയും ഭരി ക്കേണ്ടത്. നിത്യനിയമപുരുഷൻ സാഹിത്യകാരനോ കലാകാരനോ എന്ന മുറയ്ക്കല്ല ഗദ്യപദ്യ നിബദ്ധമായ പന്ത്രണ്ടു പുസ്തകങ്ങളടങ്ങിയ നിത്യാ ക്ഷരങ്ങൾ എഴുതിയിട്ടുള്ളത്. ആത്മാവിന്റെ അന്തർഭാഗമാകുന്ന പറുദീ സയിൽ താപസനായിരുന്നുകൊണ്ടാണ് താൻ മൂന്നാം സ്വർഗ്ഗത്തിലെ ജീവി തചര്യ ചിട്ടപ്പെടുത്തിയിരിക്കുന്നത്. യുയോമയ സഭയുടെ കാതലായ ആശയം പൊതു ഏക ഐക്യതയത്രെ. നിത്യ ജീവ ഉടമ്പടി വാചകത്തി ലൂടെ ഈ ഐക്യത കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിക്കാ മെന്ന് സഭയിന്നംഗങ്ങൾ പ്രതിജ്ഞ ചെയ്യുന്നുണ്ട്. പക്ഷെ നാം അതിനോട് എത്രമാത്രം പ്രതിബദ്ധയുള്ളവരാണെന്ന് ആത്മ പരിശോധന നടത്തുന്നത് നന്നായിരിക്കും.

വെളിപാടുപുസ്തകത്തിൽ യോഹന്നാൻ ഏഴുപൊൻനിലവിളക്കു കളുടെ നടുവിലാണ് മനുഷ്യപുത്രനെ കാണുന്നത്. ഈ നിലവിളക്കുകൾ ഏഴു സഭകളാണ്. നിലവിളക്കു പ്രകാശിക്കണമെങ്കിൽ തിരിയും എണ്ണയും ജ്വാലയും ആവശ്യമാണ്. എണ്ണ എവിടെ നിന്നു കിട്ടും? സഖര്യാവ് 4-12 ൽ പൊന്നുകൊണ്ടുള്ള രണ്ടു കുഴലുകൾക്കരികെ സുവർണ്ണ എണ്ണ പകരുന്ന രണ്ടു ഒലിവുകൊമ്പുകൾ കാണാം. ഇത് സർവ്വ ഭൂമിയുടേയും കർത്താ വിന്റെ സന്നിധിയിൽ നിൽക്കുന്ന രണ്ടു അഭിഷിക്തന്മാരാകുന്നു അവിടെ വിളക്കിലെ എണ്ണ സ്വീകരിച്ച് അഗ്നിയെ ആവാഹിച്ച് പ്രകാശം നൽകേണ്ട തിരിയായി നാം തീരണം. ഏലിയാവു കർമ്മേൽ പർവ്വതത്തിൽവച്ച് യഹോ വയോട് പ്രാർത്ഥിച്ചപ്പോൾ ആകാശത്തുനിന്നും അഗ്നിഇറങ്ങി ബലി വസ്തു ക്കൾ ദഹിപ്പിച്ചതുപോലെ നമ്മുടെ പ്രാർത്ഥനയാൽ ആ സ്നേഹാഗ്നി

ഇറങ്ങിവന്ന് തിരികത്തും. നാമാകുന്ന തിരി ഏരിഞ്ഞ് ഇല്ലാതാകണം. ഞാൻ എന്ന അഹം ഇല്ലാതാകണം. ദൈവം മാത്രം ശേഷിക്കും അതാണ് ക്രി.ഗീത ത്തിൽ പറയുന്നത്.

ഉരുക്കും ഞാനവനുടൽ - മരിയ്ക്കുമവനെന്നേയ്ക്കും
ധരിക്കും പൊന്നുടുമ്പേഞാ - നിരിക്കുമതിലെന്നേക്കും

അവിടെയാണ് ദൈവം വസിക്കുന്നത്. മേൽപ്പറയപ്പെട്ട കാര്യങ്ങ ളുടെ അടിസ്ഥാനത്തിൽ ഒരു യുയോമയൻ സിദ്ധന്റെ തലത്തിലേക്കാണ് എത്തിയിരിക്കുന്നത്. ആകയാൽ എല്ലാ ദുഷ്ടതയുംഎല്ലാ ചതിവും വ്യാജ ഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പിൻ.

ഏകലോകാദർശം, വിശ്വപ്രേമംഎന്നിവയൊക്കെ നല്ല പദങ്ങളാണ്. ഇതൊക്കെ ഉപയോഗിക്കാൻ നമുക്ക് അവകാശവുമുണ്ട്. പക്ഷെ നമ്മുടെ കുടുംബ ജീവിതത്തിലോ കൂട്ടായ്മയിലോ എത്രത്തോളം ഇവ പ്രായോഗി കമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള കാര്യം നാം ആത്മപരിശോധനയ്ക്ക് വിധേയമാക്കണം. മനുഷ്യന്റെ നേട്ടങ്ങൾ ഇന്ന് അവന്റെ യജമാനന്മാരായി മാറിയിരിക്കുകയാണ്. മറിച്ചു സംഭവിച്ചാൽ മാത്രമെ മഹാസന്തോഷത്തിന് അംശികളായിതീരുവാൻ സാദ്ധ്യമാകുകയുള്ളൂ. വ്യക്തികൾ സഭയോടു ചേർന്നു നിൽക്കണം. വൃക്ഷലതാദികൾ സൂര്യന്റെ ചൂടിൽ വാടാതെ നിൽക്കുന്നത് ഭൂമിയുമായുള്ള ബന്ധം മൂലമാണല്ലോ. ഇതു മനസ്സിലാക്ക ണം സഭയുടെ പുരോഗതി അംഗങ്ങളുടെ അറിവിന്റേയും അവകാശങ്ങളു ടേയും ഉത്തരവാദിത്വങ്ങളുടേയും നിർവ്വഹണത്തെ ആശ്രയിച്ചിരിക്കും. സഭാ വാഗ്ദത്തം ചെയ്യുന്ന മഹാ സന്തോഷവും പരമസ്വസ്ഥതയും അനുഭവ പ്പെടുത്തുവാനുമുള്ള മാർഗ്ഗം കാണിച്ചുകൊടുക്കുക എന്നുള്ളതത്രെ സഭ യുടെ ദൗത്യം. അതിന്ന് ആവശ്യമായിരിക്കുന്നത് ദൈവീക അറിവ് അല്ലെ ങ്കിൽ ജ്ഞാനം ആർജിക്കുക എന്നുള്ളതത്രെ. ഇതിനുള്ള വഴി ദൈവ ത്തോടും ദൈവീകമായി ലഭിച്ചിട്ടുള്ള നിയമത്തോടുമുള്ള ഭക്തിയാണ്. ഭക്തി പൂർവ്വം നിയമപാരായണം നടത്തുക. ബുദ്ധിയും യുക്തിയും ആത്മാവും ഒന്നിച്ചു പ്രവർത്തിക്കേണ്ട മേഖലയാണ്. ആത്മീകതലം. മനുഷ്യന് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നത്. സ്വർഗ്ഗരാജ്യമാണ്. ആയത് മൂന്നുണ്ടല്ലോ (2 കൊരി 12-2)അതിൽ ഒന്നാമത്തെ സ്വർഗ്ഗം യഹൂദ സഭയും (1 കൊരി 10-4)രണ്ടാ സ്വർഗ്ഗം ക്രിസ്തു സഭയും (എഫേ 2-7, കൊലോ 1-13, 2.7) മൂന്നാം സ്വർഗ്ഗം യുയോമയ സഭയുമാണല്ലോ. മനുഷ്യൻ തനിക്കു ലഭിച്ചി രിക്കുന്ന ഐഹികജീവിത കാലത്ത് സ്വർഗ്ഗീയജീവിതം അനുഭവിക്കാം. അവ നവൻ തന്നെയാണ്. സ്വർഗ്ഗരാജ്യത്തെ സൃഷ്ടിക്കേണ്ടത്. അതിന് വ്യവസ്ഥ

കൾ ദൈവം മനുഷ്യനു നൽകിയിട്ടുണ്ട്. ദൈവം ആദാമിനെ സൃഷ്ടിച്ചു ഏദനിലാക്കി. അവനോടു കല്പിക്കുന്നത് തോട്ടത്തിൽ വേല ചെയ്യുകയും അതിനെ കാക്കുകയും ചെയ്യണമെന്നത്രെ. പക്ഷെ ആദാം അതു ചെയ്തില്ല. എന്നു മാത്രമല്ല വിലക്കപ്പെട്ടതു ചെയ്യുകയും ചെയ്തു. അതിനാൽ ദൈവം ആദാമിനെ ഏദനിൽ നിന്നും പുറത്താക്കി. എന്നേക്കുമായിട്ടല്ല താനും ശിക്ഷാവിധിയിൻ കാലം അവസാനിക്കുമ്പോൾ അവനു വീണ്ടും ഏദനിൽ പ്രവേശനവും ജീവവൃക്ഷത്തിൽ നിന്നു പറിച്ചു ഭക്ഷിപ്പാനും അനുവാദം നൽകുമെന്ന് പറഞ്ഞിട്ടുണ്ടല്ലോ. ആ വീണ്ടെടുപ്പ് മൂന്നു നിയമങ്ങൾ മൂലമായി മൂന്നു നിയമപുരുഷന്മാർ മൂലമായി നൽകപ്പെടുകയും അതിന്റെ പൂർത്തീകരണത്തിങ്കൽ സ്ത്രീയുടെ സന്തതിയായി നാലാം തലമുറക്കാരനായി വന്ന പരമയോഹന്നാനെ ആ സ്വർഗ്ഗത്തിൽ പ്രവർത്തിനിരതനായി അഭിഷേചനം ചെയ്തിരിക്കുകയുമാണ്. ഇത് തികച്ചും ദൈവ പക്ഷത്തുള്ള പ്രക്രിയയാണ്.  ഈ അനുഭവാവസ്ഥയിലേയ്ക്കു മനുഷ്യൻ എത്തിച്ചേരണമെങ്കിൽ ആ നിയമത്തെ ഭക്തിമാർഗ്ഗത്തിലൂടെയോ ജ്ഞാനമാർഗ്ഗത്തിലൂടെയോ അവകാശപ്പെടുത്തുകയും അതിനെ അനുസരിക്കുന്നവരായിട്ടല്ല, മറിച്ച് സന്തോഷത്തോടെ അംഗീകരിക്കുന്ന തലത്തിലേയക്ക് എത്തിച്ചേരുകയും വേണം. അങ്ങനെ അചഞ്ചലമായ ഒരു വിശ്വാസത്തിന്റെ അനുഭവക്കാരായി മാറുകയും ആവാം.

ഇവിടെ നാം ആയിരിക്കുന്ന സ്ഥാനത്തെക്കുറിച്ച് തികച്ചും ബോദ്ധ്യമുള്ളവരായിരിക്കണം. നാം ഇരുന്നിരുന്ന സ്ഥലം ഒരു പക്ഷെ അത്തിയുടെ കീഴിലായിരിക്കാം. നഥാനിയേൽ അത്തിയുടെ കീഴിൽ ഇരുന്നത് ഫീലിപ്പോസ് അവനെ വിളിക്കുന്നതിന് അല്പം മുമ്പേയാണ്. നഥാനിയേൽ പിന്നീട് ഒരിക്കലും ആ അത്തിയുടെ കീഴിലേയ്ക്കു പോയിട്ടില്ല. നാം കാലം നോക്കാതെ ഫലം പുറപ്പെടുവിക്കുന്നവരായിരിക്കണം. ശമരിയക്കാരിയായ സ്ത്രീയോട് യേശു തന്റെ ദൗത്യം വെളിപ്പെടുത്തുകയായിരുന്നു. താൻ വരുവാനുള്ള മശിഹായാണെന്ന് വ്യക്തമായി പറയുകയും ചെയ്തു. തന്നെയുമല്ല താൻ നൽകുവാനിരിക്കുന്ന ജീവജലത്തെപ്പറ്റിയും പറഞ്ഞു. ആയതിനെ വ്യക്തമാക്കി യോഹന്നാൻ 7-38 ൽ പറയുന്നു. അതായത് തന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നത്രെ. സഭയാകുന്ന സ്ത്രീ അതിന്നായി കാത്തിരുന്നു. തക്കസമയം വന്നപ്പോൾ ആ ആകാശഗംഗയെ ഭൂമിയിലേയ്ക്ക് ഇതാ കൊണ്ടുവന്നിരിക്കുന്നു. (പൊതു ഏക ഐക്യത എന്ന പാട്ടും വിവരണവും നോക്കുക) ഇതിൽ നിന്ന് കുടിക്കുന്നവന് ഒരിക്കലും ദാഹിക്കുകയുമില്ല.

ക്രിസ്തു തന്റെ ശിഷ്യരിൽ അധികം പേരേയും വിളിച്ചത് മുക്കുവരിൽ നിന്നത്രെ കാരണം ഏറെക്കുറവായിട്ടെങ്കിലും ക്രിസ്തുവിന്റെ ക്ഷണം

സ്വീകരിക്കുവാനുള്ള മനോഭാവം മറ്റാരിലും ഇല്ലാതിരുന്നതുകൊണ്ടത്രെ. അവൻ അവരോടു പറഞ്ഞത്. ഞാൻ നിങ്ങളെ മനുഷ്യരെപിടിക്കുന്നവ രാക്കും എന്നത്രെ. പക്ഷെ ഇത് ഒരു പാഴ് വാക്കായി മാത്രമേ അവർ ഗണിച്ചുള്ളൂ. കാരണം തങ്ങളുടെ ഗുരു ക്രൂശിക്കപ്പെട്ടു കഴിഞ്ഞപ്പോൾ സക ലതും നഷ്ടപ്പെട്ടവരായി തോന്നിയിട്ട് പഴയ വലയും എടുത്തുകൊണ്ട് വീശാൻ പോയത് അതുകൊണ്ടാണല്ലോ. ക്രിസ്തു അവിടെ പ്രത്യക്ഷപ്പെ ട്ടെങ്കിലും അവർക്കു മനസ്സിലായില്ല. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും ലഭിച്ചില്ലെന്നുള്ള വിവരം അവർ അവനുമായി പങ്കുവച്ചു. അപ്പോൾ അവൻ പറഞ്ഞത് പടകിന്റെ വലതു ഭാഗത്തു വല വീശുവിൻ എന്നാൽ നിങ്ങൾക്കു കിട്ടും എന്നത്രെ. നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്ന വാക്കിൽ ഉറച്ചു നിൽക്കാൻ അവർക്കു സാധിച്ചില്ല. എങ്കിലും യേശു സ്നേഹിച്ച ശിഷ്യനായ യോഹന്നാൻ പത്രോസിനോട് അതു കർത്താവാകുന്നു എന്നു പറഞ്ഞു. ഇതു മനസ്സിലാക്കാനുള്ള കഴിവ് യോഹന്നാനു ലഭിച്ചത് യേശു വിന് യോഹന്നാനോടുള്ള സ്നേഹം നിമിത്തമത്രെ. ദൈവത്തിൽനിന്നും ഇപ്രകാരം ഒരു സ്നേഹം ആർജിക്കാൻ അവനെ എപ്പോൾ എവിടെ വച്ചു കണ്ടാലും തിരിച്ചറിയാനുള്ള കഴിവു നമുക്കു ലഭിക്കണമെങ്കിൽ നാം പര മയോഹന്നാന്മാരായി തീരണം.

ഈ പരമ യോഹന്നാൻ സ്ത്രീയുടെ സന്തതിയാണ് അതാണ് ക്രിസ്തു ക്രൂശിൽ കിടന്നുകൊണ്ട് തന്റെ മാതാവിനോട് സ്ത്രീയേ ഇതാ നിന്റെ മകൻ എന്ന് പറഞ്ഞത്. ഇ ൗ സ്ത്രീ സഭയാകുന്ന സ്ത്രീയത്രെ. വഞ്ചിക്കപ്പെട്ട സ്ത്രീ എന്ന് 1 തീമോ 2.14 ൽ പറഞ്ഞിരിക്കുന്നത് ഇക്കാര്യ മത്രെ. ഈ സ്ത്രീ ഗർഭിണിയായി ഒരു ശിശുവിനെ പ്രസവിക്കുന്ന കാര്യം വെളിപ്പാടു 12-ാം അദ്ധ്യായത്തിൽ കാണാം. സഭയാകുന്ന സ്ത്രീ യോഹ ന്നാനാകുന്ന ശിശുവിനെ പ്രസവിക്കുകയും കുട്ടി ദൈവസന്നിധിയിലേക്കു എടുക്കപ്പെട്ട കാര്യവും ഒക്കെയാണ് അവിടെ പറഞ്ഞിരിക്കുന്നത്. ഇതാണ് ക്രി.ഗീ 76-ലെ ഇതിവൃത്തം. ഇതൊക്കെ ആത്മീക സൂഷ്മദർശിനിയിൽ കൂടെമാത്രം ദർശിക്കാവുന്ന കാര്യങ്ങളത്രെ. അങ്ങനെ ആവർത്തനപു സ്തകം 6.4 ഇസ്രയാലേ കേൾക്ക നമ്മുടെ ദൈവമായ യഹോവ ഏക യഹോവ ആകുന്നു. ഇ ൗ യഹോവയാൽ ന്യായപ്രമാണവും മലാഖിവ രെയുള്ള പ്രവചന പുസ്തകങ്ങളും ന്യായപ്രമാണനിവൃത്തി പുരുഷനായ ക്രിസ്തു മുഖാന്തിരം രണ്ടാം നിയമമായ സുവിശേഷവും ഇവയിൽ പറ യുന്ന ദീർഘദർശനങ്ങളുടെ നിവൃത്തിയായി പരിശുദ്ധാത്മ കാര്യസ്ഥനും യേശുക്രിസ്താമ്ജനുമായ യൂസ്തുസ് യോസേഫിനാൽ മൂന്നാം നിയമമായ നിത്യസുവിശേഷവും മനുഷ്യവർഗ്ഗത്തിനു നൽകപ്പെട്ടിരിക്കുകയാണ്. അതു നിമിത്തം നാലാം തലമുറക്കനായ യോഹന്നാൻ, ഇതാ അബ്രഹാമിനോടു യഹോവയായ ദൈവം നൽകിയ വാഗ്ദത്ത പ്രകാരം (ഉല്പത്തി. 15. 16)

സ്വർഗീയ കനാനിലേക്കു വന്നെത്തിയിരിക്കുന്നു. അങ്ങനെ ദൈവം യഹോവ, യേശു, യോസേഫ്, യോഹന്നാൻ എന്ന നാമങ്ങളാൽ ചതുര്യാവായി വിളങ്ങുന്നു. ഈ യോഹന്നാനാണ് ദൈവം ആദാമിന്റെ മൂക്കിലൂടെ ഊതിക്കൊടുത്ത ജീവശ്വാസം. ഇക്കാര്യം യെശയ്യാവ് 42.5 സഖര്യാവ് 12.1 യാക്കോബ് 4.5, 1 യോഹന്നാൻ 4-13 ലും പറയുന്നുണ്ട്. മനുഷ്യനെ ഇതര സൃഷ്ടികളിൽ നിന്നും വ്യത്യസ്തനാക്കുന്നത് ഇതത്രെ. ഈ ശക്തിയെയാണ് ദൈവപുത്രത്വം എന്ന് ലൂക്കോസ് മൂന്നിന്റെ അവസാനം പറഞ്ഞിരിക്കുന്നത്. ഈ പുത്രത്വത്തോടുള്ള സംയോജിപ്പു നിമിത്തമത്രെ മനുഷ്യനു യഥാർത്ഥമായ സ്വാതന്ത്ര്യം ലഭിക്കുന്നത്. അതിനുവേണ്ടിയത്രെ ന്യായപ്രമാണവും സുവിശേഷവും നിത്യസുവിശേഷവും മനുഷ്യവർഗ്ഗത്തിനു നൽകപ്പെട്ടിരിക്കുന്നത്. ആ നിയമവ്യവസ്ഥയെ പാലിച്ചുകൊണ്ടു ജീവിക്കുന്നവന് മഹാസന്തോഷവും പരമസ്വസ്ഥതയും അനുഭവമാകും. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ വാക്കുകൾക്കും മനസ്സിനും എത്തുപെടാൻ കഴിയാത്തത്ര സൂക്ഷ്മനാണ് നിത്യൻ -ആ നിത്യനെ വെളിപ്പെടുത്തി കാണിക്കുന്ന നിയമമത്രെ നിത്യനിയമം - നിത്യൻ-ജീവാത്മാവ്-മായാബദ്ധനായി തീർന്നു. ആ ബന്ധനത്തിൽ നിന്നുള്ള വിടുതലിനായി മൂന്നു കാലങ്ങളിലായി മൂന്നു നിയമ പുരുഷന്മാരാൽ മൂന്നു നിയമങ്ങൾ വഴിയായി ജീവാത്മാവിന്റെ മോചനം സുസാദ്ധ്യമാക്കിതീർത്തു. ജ്ഞാനാഗ്നിയാൽ പാശ ബന്ധനമോചനം വന്നു എന്നു ചുരുക്കം. നാലാം തലമുറക്കരനായ യോഹന്നാൻ ഇതാ മനുഷ്യഹൃദയങ്ങളിൽ ആനന്ദ നൃത്തം ചെയ്യുന്നു. യോഹന്നാനെ ലഭിക്കാതെ യൂസ്തുസ് യോസേഫാകയില്ല.യൂസ്തുസ് യോസേഫാകാതെ മറുരൂപപ്പെടുകയുമില്ല നിശ്ചയം. (ഏഴു പകർച്ചകൾ 9. 20)പുതിയ യറുശലേം എന്ന വിശുദ്ധനഗരി സ്വഭർത്താവിനായി അലങ്കരിച്ച മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്ന് ദൈവസന്നിധിയിൽനിന്ന് തന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു. വെളി. 21.2. ഈ സ്വർഗ്ഗ നഗരി നമുക്കു പ്രാപ്തമായെങ്കിൽ മാത്രമെ യോഹന്നാനെ കണ്ടെത്തുകയുള്ളൂ. അതിന്നു നാം ആദ്യമായി അകംപൂകണം. പിന്നെ പുറപ്പെടുകയും മേച്ചിൽ കണ്ടെത്തുകയും ചെയ്യും. (എ.പു.ഉ:ഭാഗം പുറം 185)*എങ്കിലോ നമ്മുടെ സാക്ഷാൽ മാതാവായ പൊതു ഏക ഐക്യതയുടെ തിരുവായിൽനിന്നു പുറപ്പെടുന്ന സകലം കൊണ്ടും എല്ലാവരും നിത്യജീവനെ പ്രാപിക്കേണ്ടവരാകയാൽ ആ മഹാഭാഗ്യവതിയുടെ സിദ്ധനാവിൻ വികാസത്തിനായി നാം സദാ പരിശ്രമിക്കേണ്ടവരാകുന്നു*. മറിച്ചായാൽ നിത്യനിയമപുരുഷൻ നമ്മെ ആക്കിവച്ചിരിക്കുന്ന പുതിയ യറുശലേം എന്ന വിശുദ്ധ നഗരിയിൽ നിന്നും നാം നമ്മെ തന്നെ ഊഷരഭൂമിയിലേയ്ക്ക് പിഴുതെറിയുകയാണ് എന്ന യാഥാർത്ഥ്യം നാം മനസിലാക്കുമ്പോഴേക്കും കാലം അതിക്രമിച്ചിരിക്കും. ആയതുകൊണ്ട് ഈ ലോകത്തിന് അനുരൂപപ്പെടാതെ ദൈവത്തിന്റെ നന്മയും ഇഷ്ടവും

പൂർണ്ണതയുമുള്ള ഹിതം ഇന്നതെന്ന് തിരിച്ചറിഞ്ഞ് ദൈവത്തിനും ദൈവിക നിയമത്തിന്നും കീഴ്പ്പെട്ട് വിനയാന്വിതരായി ജീവിപ്പാൻ നാം നമ്മെത്തന്നെ ക്രമപ്പെടുത്തുക. കുറ്റം പറയേണ്ടിവരുമ്പോൾ നാം നമ്മെ ഒഴിവാക്കി സാഹ ചര്യങ്ങളേയും മറ്റുള്ളവരേയും കുറ്റപ്പെടുത്തുകയല്ലേ ചെയ്യുന്നത്. ജൂറി യിൽ അംഗമായിരിപ്പാൻ യോഗ്യത തനിക്കും ഉണ്ടെന്നും വേണ്ടിവന്നാൽ ആ സ്ഥാനത്ത് ഇരിക്കേണ്ടവനാണ് താനെന്നും ഉള്ള ചിന്തയോടുകൂടിയേ ഒരു വിഷയത്തെപ്പറ്റി സംസാരിക്കാവൂ. അസഹിഷ്ണുത ഹിംസയാണ്. താൻ ഉദ്ദേശിക്കുന്നവർക്കല്ല തനിക്കു തന്നെയാണ് ദോഷമായിതീരുന്നത്. നമ്മുടെ ജീവിതം ഒരു സുദർശനചക്രമായിരിക്കട്ടെ. നല്ല വിശ്വാസപ്രമാണം അംഗീകരിക്കുന്നതോ പഠിക്കുന്നതോ അറിയാവുന്നതോ അല്ല കാര്യം അത് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുകയാണ് ആവശ്യം.

സ്ത്രീയെ എനിക്കും നിനക്കും തമ്മിൽ എന്ത്? ഇത് ഒരു ചോദ്യ മാണ്. കാനാവിലെ കല്യാണത്തിന് വീഞ്ഞിന്റെ അപര്യാപ്തത വന്നപ്പോൾ യേശുവിന്റെ മാതാവായ മറിയ ഈ കാര്യം യേശുവിന്റെ ശ്രദ്ധയിൽപ്പെടു ത്തി. അതിന്ന് യേശു നൽകിയ മറുപടിയാണ് മേലുദ്ധരിച്ചത്. ഈ കാര്യം പരസ്യമായി തന്നെയാണ് സംസാരിച്ചതും. ഇതിന്റെ പൊരുൾ എന്തെന്ന് നാം ചിന്തിച്ചു മനസ്സിലാക്കേണ്ടതാണ്. സ്വന്തക്കാരായവർക്ക് ഒരു പ്രതി സന്ധി ഉണ്ടായപ്പോൾ അതിനു പരിഹാരം കാണുന്നതിനു തന്റെ മകനെ പ്രയോജനപ്പെടുത്താം എന്നാണ് യേശുവിന്റെ മാതാവു വിചാരിച്ചത്. സാധാ രണഗതിയിൽ ആ കാര്യത്തിൽ തെറ്റുപറയാനുമില്ല. എന്നാൽ ദൈവീക നീതി അതിനെ അംഗീകരിക്കുന്നില്ല. ഇത് ലൗകീകത്തിന്റെ ആത്മീകത യിലുള്ള ഒരു കൈകടത്തലാണ്. അതു താൻ അനുവദിക്കുകയില്ല എന്നുള്ള സന്ദേശം എല്ലാവരും ഉൾക്കൊള്ളുന്നതിനുവേണ്ടിയാണ് ഈ സംഭവമു ണ്ടായത്. പിന്നീട് മാതാവ് ഒരിക്കൽപോലും ഒരുശുപാർശയുമായി മകനെ സമീപിക്കുന്നില്ലല്ലോ. മാനുഷികമായ യാതൊരു കരങ്ങളും തന്റെ ദൗത്യ നിർവ്വഹണത്തിൽ സ്വാധീനം ചെലുത്തുവാൻ താൻ അനുവദിക്കയില്ല. എന്നുള്ള വ്യക്തമായ സന്ദേശം ലോകത്തിനു നൽകുകയായിരുന്നു തന്റെ ഉദ്ദേശം. ഈ ലോകപ്രകാരം തന്റെ മാതാവ് ഒഴികെ ആരോടും തനിക്ക് ഒരു ബന്ധവും ഇല്ലല്ലോ. തന്നെയുമല്ല ന്യായപ്രമാണ നിവൃത്തി പുരുഷ നായി വന്ന യേശു ഈവിടെ ഒരു സ്വർഗ്ഗരാജ്യത്തെ സൃഷ്ടിച്ച് (കൊലോ. 1.13 ഏഫേസ്യ 2.7) തന്റെ ശിഷ്യരെ സഹോദരന്മാരാക്കി ആ സ്വർഗ്ഗരാജ്യ ത്തിന്റെ കാവൽക്കാരാക്കിയിരിക്കുന്നതിനാൽ ലോകത്തിന്റെ ബന്ധനങ്ങ ളിൽ വീണു പോകരുതെന്ന് സകലരേയും അറിയിക്കുന്ന ഒരു അറിയിപ്പു കൂടിയായിരുന്നു അത്. കൂടാതെ യോഹന്നാന്റെ സുവിശേഷം 10.4 ൽ പറ യുന്നത് നല്ല ഇടയൻ തന്റെ ആടുകൾക്ക് മുമ്പായി നടക്കുന്നു എന്നത്രെ. അതായത് പുരോഹിതൻ ജനത്താൽ ഭരിക്കപ്പെടുന്നവരായിരിക്കരുത് എന്ന

ഉഗ്രമായ സന്ദേശമാണ് തന്റെ മാതാവിനോടുള്ള മറുപടിയാൽ താൻ ലോകത്തിനു നൽകുന്നത്, ദൈവാധിപത്യം ഏകാധിപത്യമല്ല നന്മയുടെ ആധിപത്യമാണ്.

ഇസ്രായേലിന്റെ കനാനിലേക്കുള്ള യാത്രയിൽ നേതൃത്വം നൽകുവാൻ യഹോവ മോശയേയാണ് നിയോഗിച്ചത്, പക്ഷെ ഈ നിയോഗത്തെ സർവാത്മനാ അംഗീകരിപ്പാൻ സഹോദരങ്ങളായ അഹറോനും മിറിയാമിനും സാധിച്ചില്ല. അവർ മോശയോടു മത്സരിച്ചു. അവർക്ക് അവരുടേതായ ന്യായവാദങ്ങൾ നിരത്താനുണ്ടായിരിക്കാം. മോശയെ പെട്ടിയിലാക്കി നദിയിൽ ഒഴുക്കിയപ്പോൾ രക്ഷപ്പെടുത്തിയ മിസ്രയിമ്യരാജകുമാരിയെ സമീപിച്ച് കുഞ്ഞിനെ വളർത്താൻ ഒരു സ്ത്രീയെ വിളിച്ചുകൊണ്ടു വന്നത് മിറിയാമത്രെ. അവരുടെ മരുഭൂമിയാത്രയിൽ അഹറോനും മിറിയാമും മോശയ്ക്കു കൈതാങ്ങൽ കൊടുത്തിരിക്കാം. അതായിരിക്കാം അനവസരതത്തിൽ അവർ മോശയ്ക്കു വിരോധമായി സംസാരിക്കാൻ കാരണം യഹോവ അഹറോനെയും മിറിയാമിനെയും മോശയുടെ സാന്നിദ്ധ്യത്തിൽ ശാസിക്കുന്നതും മിറിയാമിനെ ശിക്ഷിക്കുന്നതും സംഖ്യ 12-ാം അദ്ധ്യായത്തിൽ നമുക്കു കാണാം. ഇതിൽനിന്ന് നാം ഉൾക്കൊള്ളേണ്ട പാഠം വ്യക്തമാണല്ലോ.

ഇനിയും മഹാദൈവാരാധനയെപ്പറ്റികൂടി അല്പം ചില കാര്യങ്ങൾ പറയണമെന്നുദ്ദേശിക്കുന്നു.

നമ്മുടെ എല്ലാ ശുശ്രൂഷകളും മഹാ ദൈവാരാധനയോടുകൂടിയാണല്ലോ നടത്തപ്പെടുന്നത്. യേശുക്രിസ്തു യഹൂദന്മാരുടെ കൈകളിലേൽപ്പിച്ച ജഡശരീരം അരിമതിയാക്കാരനായ യോസേഫിന്റെ ശുശ്രൂഷയാൽ ആത്മശരീരമായി തീർന്നതുപോലെ അപ്പോസ്തോല ഐക്യതയിൽ ഏല്പിച്ച ജഡശരീരവും യൂസ്തുസ് യോസേഫിന്റെ ശുശ്രൂഷയാൽ ആത്മശരീരമായിതീർന്നതിനാൽ അതത്രെ യുയോമയസഭയിലെ ആരാധനാവസ്തുവായ അപ്പവും വെള്ളവും. ഉദ്ദേശശുദ്ധിയോടുകൂടി നാം ആരാധനയ്ക്ക്കൂടിവരിക. വിശുദ്ധവസ്ത്രാലങ്കാരത്തോടെ യഹോവയെ സ്തുതിപ്പിൻ എന്ന് സങ്കീർത്തനം പയുന്നു. ഒരുമയുടെ കൂട്ടായ്മയിലൂടെ സ്നേഹം ആചരിച്ച് സന്തോഷം പങ്കിടുവിൻ. ജീവമേശയിൽ സ്ഥാപിക്കുന്ന അപ്പവെള്ളങ്ങൾ ജീവന്റെ ശക്തിയുള്ളതായി തീരുന്നത് നമ്മുടെ സദൈക്യത്തിന്റെ ശക്തിയാലത്രെ.

പരമൈക്യതയിൽ നിന്നു ജനിച്ചുള്ള പരമ യോഹന്നാൻമാരേ നിങ്ങൾ
നിറഞ്ഞ മോദമോടുണർന്നെഴുന്നു വായ്തുറന്നു സ്നേഹം ശുദ്ധീകരിപ്പിൻ
(പരമൈക്യസ്തവം)

നാം ആയിരിക്കുന്ന സ്ഥാനത്തെക്കുറിച്ച് തികച്ചും ബോധമുള്ളവരായിരിക്കുക എന്നുള്ളത് ദൈവത്തിൽനിന്നും ദിവ്യാനുഗ്രഹങ്ങൾ ലഭിക്കുന്നതിന് അനിർവാര്യമാണ്.

ഇവിടെ നാം ദൈവത്തെ അറിയാനും ദൈവഹിതത്തെ മാനിക്കാനും ഉള്ള ഏകാഗ്രചിത്തം നേടണം. ഉപരിപ്ലവമായ ധാരണയും ബോദ്ധ്യവും കൊണ്ട് തൃപ്തിപ്പെടാതെ മനസ്സിന്റെ ആഴത്തിൽ ഉത്തമ വിശ്വാസം ഉണ്ടായിരിക്കണം. അതു നമ്മെ ജ്ഞാനത്തിലേക്ക് നയിക്കും. അതിന് ഐശ്വര്യത്തിലേക്കുള്ള വഴിയല്ല ധർമ്മത്തിലേക്കുള്ള വഴിയാണ് പിൻതുടരേണ്ടത്. സത്യം ബുദ്ധിക്കതീതമാണ്. മതം അനുഷ്ഠാനപരമാണ്. ആത്മീകത അനുഭൂതിദായകമാണ്, സത്യാന്വേഷണം മതത്തിന്റെ കൊടിക്കൂറയാണ്. അത് നേടുവാൻ നമ്മുക്ക് ആവശ്യമായിരിക്കുന്നത്. ഉത്ക്കർഷേച്ഛയാണ് "ദൈവത്തെ കണ്ടെത്തേണ്ടത് പൊതു ഏകഐക്യതിയിലാകുന്നു. അതിനാൽ ആ പരമജനനിയുടെ സാക്ഷാൽ അവയവവും ആൾപേരുമായി ഇരുന്നുകൊള്ളണം. അപ്പോൾ താങ്കൾക്ക് മറുരൂപം പൂർണ്ണമായി സിദ്ധിച്ചു." (എന്ന് പാദശുശ്രൂഷക്കാരൻ)

നമ്മെ ആക്കിവച്ചിരിക്കുന്ന പുതിയ യറുശലേമിൽനിന്നും യറിഹോയിലേക്ക് പോകരുത്. പോയവന്റെ അവസ്ഥ യേശുക്രിസ്തു തന്നെ പറഞ്ഞിട്ടുണ്ടല്ലോ. സ്വന്തഹിതമനുസരിച്ചല്ല ദൈവഹിതം അന്വേഷിച്ചറിഞ്ഞ് അതനുസരിച്ച് ജീവിക്കണമെന്നാണല്ലോ എല്ലാ മതങ്ങളും ഉത്ഘോഷിക്കുന്നത്. യുയോമയസഭ അത് അടിവരയിട്ട് അംഗീകരിക്കുന്നു. കൂടാതെ മറ്റുള്ളവർ നമ്മോട് എങ്ങനെ പെരുമാറണമെന്ന് നാം ആഗ്രഹിക്കുന്നുവോ അതേ പ്രകാരം നാം മറ്റുള്ളവരോടും പെരുമാറുക ഒദ്യോഗികമായ ആരാധന സകലർക്കും ഭക്തിയുടെ നിഴൽ വിരിക്കുന്നതായിരിക്കണം. വ്യക്തിയും കുടുംബവും സമൂഹവും ആരാധനാസ്ഥലവും അതിൻനിന്നും അന്യമായിരിക്കാൻ പാടില്ല. പങ്കെടുന്നവർക്ക് ഊർജ്ജം പകരുന്നതും അനുഭവാധിഷ്ടിതവും ആയിരിക്കയും വേണം.

ന്യായപ്രമാണകാലത്ത് യഹോവയായ ദൈവം അനേകം അതിശയകാര്യങ്ങൾ ഇസ്രായേൽ ജനത്തിന്റെ മദ്ധ്യേ പ്രവർത്തിച്ചു എങ്കിലും അവയെ ഉൾക്കൊൾവാൻ അവർക്കു കഴിഞ്ഞില്ല. ഏലിയാവിന്റെ ആത്മാവിലും ശക്തിയിലും അയയ്ക്കപ്പെട്ട യോഹന്നാനേയും യഹൂദന്റെ രക്ഷയ്ക്കായി അയയ്ക്കപ്പെട്ട ക്രിസ്തുവിനേയും യഹൂദജനം നിരസിക്കുകയും ഹിംസിക്കുകയും ചെയ്തുവല്ലോ. അതു നിമിത്തം ദാവീദു ഗൃഹത്തിനു നൽകപ്പെട്ടിരുന്ന താക്കോൽ മറ്റൊരാളിന് നൽകുമെന്ന് യെശയ്യാവ് 22-ാം അദ്ധ്യായം 20-ാംവാക്യം മുതൽ കാണിച്ചിരിക്കുന്നതു നാം ശ്രദ്ധയായി പഠിക്കേണ്ടിയിരിക്കുന്നു. ഏശയ്യാ 11-ാം അദ്ധ്യായത്തിൽ പറയുന്ന യിശായിയുടെ വേരിൽ നിന്നും മുളച്ചു വന്ന കൊമ്പത്രെ അത്. റോമർ 15.12 ൽ

യിശായിയുടെ വേരും ജാതികളെ ഭരിപ്പാൻ ഏഴുന്നേൽക്കുന്നവനുമായവൻ ഉണ്ടാകും എന്നു പറയുന്നുവല്ലോ. അവനാണ് അന്വേഷിക്കാതിരിന്നിട്ടും കണ്ടെത്തിയവൻ** റോമൻ 10.20. അങ്ങനെ ഭവിപ്പാൻ കാരണം *എന്നെ ചോദിക്കാത്തവർക്കു ഞാൻ പ്രത്യക്ഷനായി ഇതൊക്കെ സർവ്വശക്തന്റെ നീതിനിയമപ്രകാരമുള്ള തീരുമാനമാണ്. അതിന്റെ പരിണിതഫലമാണ് പരിശുദ്ധാത്മകാര്യസ്ഥനും യേശുക്രിസ്താത്മജനുമായ യൂസ്തുസ് യോസേഫ് മുഖാന്തിരം സ്ഥാപിതമായ യുയോമയസഭയും, അതിന്ന് ആധാരമായിരിക്കുന്ന നിത്യാക്ഷരങ്ങൾ എന്ന നിയമ സംഹിതയും, ഇതിൽ രണ്ടു പുസ്തകങ്ങൾ ശാസ്ത്രീയമായി സംവിധാനം ചെയ്തിട്ടുള്ള 200-ൽ പരം കീർത്തനങ്ങളുടെ സമാഹാരമാണ്. ഇവയൊക്കെയും യോഹന്നാന്റെ സുവിശേഷം 6 മുതൽ 16 വരെ അദ്ധ്യായങ്ങളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

പഴയനിയമത്തിലെ ആദ്യത്തെ അഞ്ചുപുസ്തകങ്ങൾ മോശയാൽ എഴുതപ്പെട്ടവയാണല്ലോ. ലോകോൽപ്പത്തി മുതലുള്ള കാര്യങ്ങൾ എഴുതിയിരിക്കുന്ന മോശ 26-ാം തലമുറക്കാരനാണെന്നുള്ള കാര്യം ഇന്ന് പലരും ചിന്തിക്കുന്നുണ്ടാവില്ല. 20-ാം തലമുറക്കാരനായ അബ്രഹാമിനു യഹോവ പ്രത്യക്ഷമാകുന്നു. വാഗ്ദത്തങ്ങൾ നൽകുന്നു. യാക്കോബ് മാതൃഭവനത്തിലേക്കുള്ള യാത്രാ മദ്ധ്യേ കിടന്നുറങ്ങിയപ്പോൾ കണ്ട സ്വപ്നം. മോശയ്ക്കു മുൾപടർപ്പിൽ അഗ്നിജ്വാലയിൽ യഹോവ പ്രത്യക്ഷനാകുന്നത്. മരുഭൂമി യാത്രയിലും അതിനു മുൻപും പിൻപും അനേക തവണ യഹോവ മോശയോടു സംസാരിക്കുന്നത്, അഹറോന്റെയും, മോശയുടേയും മരണത്തെ അറിയിക്കുന്നത് പകരം ആളുകളെ നിയമിക്കുന്നത്. തുടർന്നുള്ള ഇസ്രായേലിന്റെ കനാൻ നാട്ടിലെ ജീവിതത്തിലും, ദീർഘദർശിമാർ മൂലം യഹോവ ഇടപെടുന്നതുമായ കാര്യങ്ങൾ വേദത്തിൽ ഉടനീളം കാണാം. പക്ഷെ ഇതിനൊന്നും സാക്ഷികളില്ല. ദൈവദൂതൻ സഖര്യാവിനു പ്രത്യക്ഷനാകുന്നു യോഹന്നാൻ സ്നാപകനെ വാഗ്ദത്തം ചെയ്യുന്നു. മറിയയ്ക്ക് പ്രത്യക്ഷനാകുന്നു. ദൈവപുത്രനെ വാഗ്ദത്തം ചെയ്യുന്നു. യോഹന്നാനും ക്രിസ്തുവും ജനിയ്ക്കുന്നു. അവരെയൊന്നും ലോകം അന്ന് അംഗീകരിച്ചില്ല. എന്നാൽ ഇന്ന് ആ കാര്യങ്ങളിൽ ആത്മീകതയും അത്ഭുതവും ദർശിക്കുകയും വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്തു വരുന്നു.

നിത്യനിയമത്തിന്റെ കാര്യത്തിലും ഇതുപോലെയുള്ള കാര്യങ്ങളാണ് നടന്നിട്ടുള്ളത്. നാം ഉറക്കത്തിൽ സ്വപ്നം കാണാറുണ്ട്. പക്ഷെ ഇടക്ക് ഉണർന്നാൽ സ്വപ്നം മുറിയപ്പെടും. എന്നാൽ ഇന്ന് നാം ഉണർന്നിരിക്കുമ്പോൾ കാണുന്ന സ്വപ്നങ്ങൾ ഉണർവിനാൽ ഉണ്ടായതത്രെ. ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമായി പരിണമിക്ക തന്നെ ചെയ്യും. കാരണം നാം അതിനെ കാണുന്നത് ബോധതലത്തിനായതിനാൽ തന്നെ. അതു നമ്മെ

മുഴുവനായി പൂർണ്ണതയിലേയ്ക്കും സ്വാതന്ത്ര്യത്തിലേയ്ക്കും വഴി നടത്തുന്നതിനുള്ളതത്രെ. ഇതിനു നാം നമ്മെത്തന്നെ അന്വേഷിക്കണം കണ്ടെത്തുകയും വേണം. ശാസ്ത്ര പുരോഗതി പല കണ്ടുപിടിത്തങ്ങളും നടത്തിയിട്ടുണ്ട്. പക്ഷെ മനുഷ്യനെ വ്യവച്ഛേദിക്കാൻ നിത്യ നിയമ പുരുഷനു മാത്രമേ സാധിച്ചിട്ടുള്ളൂ. ആത്മാവ്, ജീവൻ, ശരീരം, ശക്തി, നാമം, ഭവനം, രാജ്യം എന്ന സപ്താംഗങ്ങളോടുകൂടിയവനത്രെ മനുഷ്യൻ. വിശ്വാസങ്ങൾക്ക് പ്രപഞ്ചരഹസ്യങ്ങളിലുള്ള അറിവിന്റെ അടിസ്ഥാനത്തിലാണ് സാങ്കൽപ്പികമാനം നൽകുന്നത്. അതു ശാസ്ത്രത്തിന്റെ പുരോഗതിയിൽ മാറുപാടായി തീരാം ഉദാഹരണം ഭൂമി സ്വർഗ്ഗ നരകങ്ങൾ ഇവയുടെ ഒക്കെ സ്ഥാന നിർണ്ണയം.

1881 ഒക്ടോബർ 2-ാം തീയതി യുയോരാലിസൻ വിദ്വാൻകുട്ടി നിത്യ നിയമം സ്ഥാപിച്ചത് മനുഷ്യഹൃദയങ്ങളിലാണ്. ആയതു ചതുര്യാവാകുന്ന മഹാദൈവത്തിന്റെ തൃക്കരങ്ങളാലത്രെ അന്നു മുതൽ ആ നിയമം മനുഷ്യഹൃദയങ്ങളിൽ പ്രവർത്തിച്ചുവരുന്നു. അതിന് അതിർവരമ്പുകളില്ല. ഈ കാലയളവിൽ അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും ഒരളവുവരെ തുടച്ചുനീക്കപ്പെട്ടിട്ടുണ്ട്. ഒരു മനുഷ്യന്റെയും പ്രവർത്തനങ്ങൾ കൊണ്ടല്ല. ദൈവപ്രവർത്തികളത്രെ അതിനു കാരണം. ലോകത്തിൽ ഒരു വ്യക്തിക്കും നിഷേധിക്കുവാൻ സാദ്ധ്യമാകാത്തവിധത്തിൽ നിത്യനിയമം ലോകം അംഗീകരിച്ചുവരുന്നതായി സൂക്ഷ്മദൃക്കുകൾക്കു മനസിലാക്കാൻ സാധിക്കും. അങ്ങനെ ഉണ്മയായ ഒരു നിത്യസത്യത്തിലേയ്ക്കുള്ള ലോകത്തിന്റെ ജൈത്രയാത്രയെ ഉത്തേജിപ്പിക്കുവാൻ ഓരോരുത്തരും തങ്ങളുടെ പരിമിതമായ കഴിവുകൾ പ്രയോജനപ്പെടുത്തണമേ എന്ന് അപേക്ഷിക്കുന്നു.

ആയതിന് ശ്രീചതുര്യാവാം മഹാ ദൈവം തൻ കരുണയിൽ കരങ്ങളാൽ നമ്മെയും ലോകത്തേയും വഴിനടത്തി അനുഗ്രഹിക്കുമാറാകട്ടെ.

എന്ന്,

പാ. പാദ. ആര്യൻ വർഗ്ഗീസ് ബോധകർ

**For the English Medium**
**The eternal law or the everlasting gospel**
**Syncretism (പൊതു ഏകഐക്യത) Reconcile with differing schools of thought**

To attain the peaks of tranquillty or bliss the scriptures promise have established in the third heaven as the doctrine of yuyomaya sabha in the name of Nithyaksharangal in Malayalam. We believe in the God almighty the omnipotent omnipresent and Omni science. He in itself is quartete in ideologically. We call him as chathuryavu in Malayalam. Because the God himself has revealed to the man in four names. That is Jehovah, Jesus, Joseph and John. He is the first and the last. He is also the creator sustainer and preserver of the universe. All the religions are expecting for the last avathar. Hindus are expecting for the Ghadgi and Christians are expecting for the second coming of Christ.

But we believe that all the prophecies have fulfilled by Justus Joseph a man in Christ. He is the comforter that Jesus Christ had offered to his disciples. He established a new religion named yuyomayam in the 2nd October 1881. The eternal Gospel was given by Justus Joseph. By him God convinced the world of sin of righteousness and of Judgement.

The name “Yuyomayam” derived from the initial letters ‘yu’ ‘yo’ in Malayalam of the founder’s name yusthus yoseph a Brahmin convert and ‘’mayam’ means fullness. When he realized that the world is with full of “yusthus yoseph” “yuyomayam” came out from his mouth as the name of the new religion. He proclaimed it, its special emphasis on the practical side quite in concordance with spiritual faith just as jewism formed out of heathenism and Christianity out of jewism Yuyomayam was formed out of all religions in the world.

Concerning the religious observances it differs widely from the practices of other religions. Some of the essential points of differences are noted below. (1) We are vegetarians, (2) We are total abstainers liqueur being considered to be a curse to mankind (3) both males and females of us strictly abstain and are prohibited from wearing ornaments of any kind. We are strict monogamist and neither intermarry or interdine with any non-

vegetarian. We carry on prayers and conduct marriages and other ceremonies in our own houses or in auditorium. We maintain no churches or temples for the purpose since man himself is a living temple for a living God. We do not burry our dead in cemeteries but use our own compounds for the purpose. We admit to our creed those who observe these high moral principles and faith which would remove the present caste distinction.

In commemoration of the foundation of our religion we follow a new era which commenced on the 2nd October 1881 and every year we observe the day as a holy day.

The religion has spiritual advisers. They are called Bodhakars. There is no special dress for them. The ultimate goal of all religions is the salvation of the soul. Each and every religion claims the monopoly of it and says that it is to be found only through them. We believe that those who accept these principles they would get a celestial life in this world.

This is not a visible community. We have not yet given due recognition among religions. Because we have only the nontangible result oriented ministry. We belive religion is realization. So religious life is a pilgrimage towards fullness of humanity. Yusthus joseph have written twelve books in these two books are lyrics.

Once Lord Artingham in London have suggested about a religion a Christian religion Which adopts the dictrins of Ghandhiji. By the way Artingham’s dreams have fulllfilled.

I think Kerala is a land of specimen for the world. Kerala have the similarity of a metropolitan city. Here there is all the race and tongue, and casts and religions. So our message is to the world.

*God is not cosmic but conscious*

**Pa.Pada. Aryan Varghese Bodhakar**

**പാ. പാദ. ആര്യൻ വർഗ്ഗീസ് ബോധകർ**

**മല്ലപ്പള്ളി**

**ആര്യഭവനിൽനിന്നും**

**11-09-2017**

**യുയോമയാബ്ദം 136-ാംമാണ്ട് ഋതം 10**

**Mob : 9446184614**